ഉത്തരം

(എ) സർക്കാർ അംഗീകരിച്ച സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലേയും പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ബി) സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായങ്ങളും പ്രോത്സാഹന സമ്മാനങ്ങളും നൽകുന്ന പദ്ധതി സംസ്ഥാനത്ത് ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇതിലും കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസാനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നതായി അറിവില്ല.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) പഠനത്തിൽ മികവ് പ്രകടിപ്പിക്കുന്ന സമർത്ഥരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതി ഇപ്പോൾത്തന്നെ നിലവിലുണ്ട്.

പട്ടികജാതി വികസന വകുപ്പിലെ ഉയർന്ന തസ്തികകൾ

72 [5449] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുതൽ അഡീഷണൽ ഡയറക്ടർ വരെ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(ബി) ഈ തസ്തികകളിൽ എത്ര പട്ടികജാതിക്കാർ ഇപ്പോൾ ജോലി ചെയ്യുന്നു;

(സി) ഈ പട്ടികജാതി വിഭാഗക്കാരിൽ അടുത്ത മൂന്നുവർഷത്തിനുള്ളിൽ എത്ര പേർ റിട്ടയർ ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇങ്ങനെ റിട്ടയർ ചെയ്യുന്ന തസ്തികകളിലേയ്ക്ക് പ്രമോഷൻവഴി നിയമിക്കുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരില്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 21 തസ്തികകൾ.

(ബി) ഒരാൾ.

(സി) ഒരാൾ.

(ഡി) ഈ വകുപ്പിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് എല്ലാ വർഷവും റിവ്യൂ നടത്തുകയും (ഗസറ്റഡ്/നോൺ ഗസറ്റഡ്/ലാസ്റ്റ് ഗ്രേഡ് തസ്തികകൾ തരംതിരിച്ച്) അതനുസരിച്ച് റിസർവ് ചെയ്യുന്ന തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുകയും ചെയ്യുന്നുണ്ട്.

പിന്നോക്ക വിഭാഗ ക്ഷേമവകുപ്പ് രൂപീകരണം

73 [5450] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly